(സി) മറ്റു വ്യാപാരസാധനങ്ങളോടുകൂടി വിദേശമദ്യവും വിറ്റുകൊള്ളുന്നതിനു ലൈസൻസ്സു കൊടുത്തിട്ടുള്ള ഷാപ്പുകൾ ഏതൊക്കെയാണു്;

(ഡി) ഈ ഷാപ്പുകളിൽ മദ്യവില്പന നടത്താവുന്ന സമയം ക്ലിപ്തപ്പെടുത്തീട്ടുണ്ടോ; (ഉ) ഉണ്ടെങ്കിൽ ഏതാണു് ആ സമയം; (ന) അനുവദിച്ചിട്ടുള്ള സമയം അതിക്രമിച്ചശേഷവും ഏതെങ്കിലും ഷാപ്പുകളിൽ മദ്യവില്പന നടത്തുന്നതായി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; (ഭ) ഉണ്ടെങ്കിൽ ഏതൊക്കെ ഷാപ്പുകളിലാണു്,

(ഇ) ഷാപ്പുകൾ വളരെ അടുത്തടുത്തു അനുവദിച്ചിട്ടുള്ളതുമൂലവും അസമയത്തു വില്പന നടത്തുന്നതുമൂലവും ബ്രോഡ്‌വേയിൽ തുടരെത്തുടരെ മദ്യപന്മാരുടെ ലഹളകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ബി എന്ന ഉപചോദ്യത്തിന്റെ ഉത്തരത്തിന്മേൽ പറയുന്ന ഷാപ്പുകളിലല്ലാതെ എറണാകുളത്തു് എവിടെയെങ്കിലും വിദേശമദ്യം വില്ക്കുന്നതായി ഗവർമ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ; അതേപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തീട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: (എ) (ക) ഉ. (ഖ) ലൈസൻസ്സു് അനുവദിച്ചിട്ടുള്ള ഷാപ്പുകൾ തമ്മിലുള്ള അകലം കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തുവെച്ചിരിക്കുന്നു. (ന) ന്യൂ.

(ബി) (ക) ജെയിംസ് വൈൻ സ്റ്റോഴ്സ്, വളവി ആൻഡ് കമ്പനി, ഹാസ്സാനി സ്റ്റോഴ്സ്. (ഖ) പാവ്വതി വൈൻ സ്റ്റോഴ്സ്, നാഷനൽ മെഡിക്കൽ ഹാൾ, വർമ്മ ആൻഡ് വിൻസന്റ് ലക്ഷ്മി വൈൻ സ്റ്റോഴ്സ്.

(സി) വിദേശമദ്യം വില്ക്കുന്നതിനുമാത്രമെ ലൈസൻസ്സു കൊടുത്തിട്ടുള്ളൂ.

(ഡി) (ക) ഉവ്വു്. (ഖ) സൂര്യോദയത്തിനുശേഷം രാത്രി ഒമ്പതുമണിവരെ (ന) ഇല്ല. (ഭ) ഉത്തരം ആവശ്യമില്ല.

(ഇ) ഇല്ല.

(എഫ്) ലൈസൻസില്ലാതെ ശീമമദ്യം വ്യാപരിക്കുന്നതായി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. (ഖ) ഉവ്വു്.

SLAUGHTER HOUSE—TRICHUR

267. Mr. P.A. Muhamed Ashroff *(Cranganur):* Will Government be pleased to answer.—

(*a*) are the Government aware that the Trichur Municipality has decided to shift the slaughter house for goats from Pattalam lane to Kuriachira in the immediate vicinity of a public burial ground, and that too side by side with the slaughter house for pork ;

(*b*) have the Government or Municipality received any complaint from the public, particularly from the Muslims of Trichur against the shifting of the slaughter house for goats from Pattalam lane ;

(*c*) if so, will the Government be pleased to place a copy of the petition on the table ;

(*d*) what are the reasons which induced the Municipality to shift the slaughter house from the Pattalam lane to Kuriachira ;

(*e*) are the Government aware that the present slaughter house at Pattalam lane is in good order and that the Municipality had spent considerable amount for its improvement till recently ?

Mr. C. J. Mathew *(Joint Secretary to Government)*;

(*a*) Yes.

(*b*) Yes. Government are making necessary enquiries in the matter.

(*c*) A copy of the petition from the Muslims of Trichur is placed on the table.

(*d*) The dilapidated and insanitary condition of the slaughter house in Pattalam lane.

(*e*) The Municipality had to incur expenditure for its maintenance. But, the report to Government is that the sanitary condition of the slaughter house in Pattalam lane is not satisfactory.

EDUCATION CODE—REVISION COMMITTEE

൨൩൮. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് ദയവായി മറുപടി പറയുമോ—

(എ) കോഡ് റിവിഷ്യൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ ഗവർമ്മെണ്ടു് വല്ല ഉത്തരവും പാസ്സാക്കിയോ; ഇല്ലെങ്കിൽ,

(ബി) അതിനെ സംബന്ധിച്ചു് ഇനിയും ഒന്നും ചെയ്യാതെ വെച്ചുകൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശമെന്തു;

LIBRARY ARCHIVES Kerala Legislative Assembly